(എഫ്) ഇല്ല.

(ജി) 22-3-1999-ലെ പൊതുമരാമത്തുവകുപ്പിന്റെ ജി.ഒ (പി).38/99/പൊ.മ. പ്രകാരം എയ്ഡഡ് ഹൈസ്കൂളിന് 100 രൂപയും യു.പി. സ്കൂളിനും എൽ.പി. സ്കൂളിനും 75-രൂപ വീതവും അൺ എയ്ഡഡ് ഹൈസ്കൂളിന് 220 രൂപയും, യു.പി., എൽ.പി., സ്കൂളുകൾക്ക് 150 രൂപ വീതവുമാണ് ഫിറ്റ്നസ് സർട്ടിഫിക്കറ്റിനുള്ള അപേക്ഷാ ഫീസ്.

ടെക്നിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിക്കണമെന്ന ആവശ്യം

18 (*258) ശ്രീ. സി. ടി. മുഹമ്മദ് അലി :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. കെ. പി. എ. മജീദ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു ടെക്നിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതിനുവേണ്ടി എന്തെല്ലാം നടപടി സ്വീകരിച്ചു കഴിഞ്ഞുവെന്ന് വെളിപ്പെടുത്തുമോ ;

(സി) മലബാർമേഖലയുടെ പിന്നോക്കാവസ്ഥ പരിഗണിച്ച് ടെക്നിക്കൽ യൂണിവേഴ്സിറ്റിയുടെ ആസ്ഥാനം മലബാറിൽ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ,

(എ) ഇതു സംബന്ധിച്ച് നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഉദിക്കുന്നില്ല.

(സി) പരിഗണനയിലില്ലാത്തതിനാൽ ചോദ്യം ഉദിക്കുന്നില്ല.

ടാറിന്റെ അഭാവം മൂലം മരാമത്ത് പണികൾ നടക്കുന്നില്ലെന്ന പരാതി

19 (*259) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എളമരം കരീം :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് പണികൾ യഥാസമയം നടക്കാത്തതിന്റെ ഒരു കാരണം ടാറിന്റെ ലഭ്യതക്കുറവാണെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതൊഴിവാക്കാൻ സർക്കാർ എന്തൊക്കെ നടപടി സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ജനകീയാസൂത്രണ പ്രവർത്തനങ്ങളുടെ ഫലമായി ടാറിന്റെ ഉപയോഗം വർദ്ധിച്ചിട്ടുണ്ടെന്ന വസ്തുത കണക്കിലെടുത്ത് കൂടുതൽ ടാർ ലഭ്യമാക്കുന്നതിന് ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) റബ്ബറൈസ്ഡ് റോഡുകൾ പൂർണ്ണമാക്കുന്നതുവരെ ടാർ റോഡുകൾ സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ,

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് റോഡുപണികൾ യഥാസമയം നടക്കാത്തതിന്റെ ഒരു കാരണം ടാറിന്റെ ലഭ്യതക്കുറവാണ്.

(ബി&സി) ടാർ ലഭ്യമാക്കുന്നതിന് ഗവൺമെന്റ് ഇൻഡ്യൻ ഓയിൽ കോർപ്പറേഷനും കൊച്ചിൻ റിഫൈനറിയുമായി നിരന്തരമായി സമ്പർക്കത്തിലേർപ്പെട്ടതിന്റെ ഫലമായി ലഭ്യത കുറേ മെച്ചപ്പെടുത്തുന്നതിനു കഴിഞ്ഞിട്ടുണ്ട്. കൂടുതൽ ടാർ ഉല്പാദിപ്പിക്കുന്നതിനും മറ്റും സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നതിനും ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ വഴി ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്.

(ഡി) റോഡുകൾ കാര്യക്ഷമമായി സംരക്ഷിക്കുക എന്നതു തന്നെയാണ് സർക്കാരിന്റെ നയം.

മത്സ്യബന്ധനത്തിൽ ഏർപ്പെടുമ്പോൾ കാണാതാകുന്നവരെ കണ്ടെത്തുന്നതിനുള്ള സംവിധാനങ്ങൾ

20 (*260) ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. എം. കെ. മുനീർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടലിൽ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുമ്പോൾ കാണാതാവുന്നവരെ കണ്ടെത്തുന്നതിന് നിലവിലുള്ള സംവിധാനങ്ങളെന്തൊക്കെയാണ് ;

(ബി) കാണാതാകുന്നവരെ രക്ഷപ്പെടുത്തുന്നതിനും അവർ തിരിച്ചെത്തുന്നതുവരെ അടുത്ത ബന്ധുക്കൾക്ക് ആശ്വാസം നല്കുന്നതിനും ഒരു സ്ഥിരമായ സംവിധാനം ഉണ്ടാക്കുമോ ;

(സി) കാണാതായവരെ സംബന്ധിച്ച് വിവരം നല്കിയാൽ തിരച്ചിൽ ഉടൻതന്നെ തുടങ്ങുന്നതിന് ബന്ധപ്പെട്ടവർ ജാഗരൂകരായിരിക്കണമെന്ന് നിർദ്ദേശം നല്കുമോ ?

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) : സർ,

(എ) ഫിഷറീസ് വകുപ്പിന്റെ ആധുനികസൗകര്യങ്ങളോടുകൂടിയ സ്പീഡ് ബോട്ടുകളും വാടകയ്ക്ക് എടുക്കുന്ന ബോട്ടുകളും വള്ളങ്ങളും ഉപയോഗിച്ച് കടലിൽ തെരച്ചിൽ നടത്തുന്നു. പോർട്ട് വകുപ്പിന്റെ ടഗ്ഗുകളും കോസ്റ്റ് ഗാർഡിന്റെ സേവനവും തെരച്ചിലിലേക്കായി ഉപയോഗപ്പെടുത്തുന്നു. അടിയന്തിരഘട്ടങ്ങളിൽ ഇന്ത്യൻ നേവിയുടെ സഹായത്താൽ ഹെലികോപ്റ്റർ ഉപയോഗിച്ചും തെരച്ചിൽ നടത്താറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly